# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജനുവരി 2025



# സ്നേഹസ്മരണയ്ക്ക്



## വി.എസ്. കുര്യാക്കോസ്
(കുര്യാക്കോച്ചൻ)

Birthday - 12th March 1908
Death - 28th Dec 1974



## മറിയമ്മ ചാക്കോ
(ചിന്നമ്മ)

Birth - 19th May 1912
Death - 16th Sep 1986

### 1-ാം ചരമവാർഷികം
16.01.2025



## വി.എസ്. സ്കറിയ
(അപ്പച്ചൻ)

Birthday - 16th Nov 1935    Death - 16th Jan 2024

വെട്ടുകുഴിയിൽ, വാഴപ്പള്ളി, ചങ്ങനാശേരി

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

താളുകൾ മറിക്കുമ്പോൾ


ജനുവരി 2025

ലക്കം 1

വാല്യം 10



*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. മാത്യു (ജെറിൻ) കാവനാട്ട്**
9446587532

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം**
9645607825
**റവ. ഫാ. ആന്റണി (നിഖിൽ) അറയ്ക്കത്തറ**
9946112201

*കൈക്കാരന്മാർ:*
**ജോമി കാവാലംപുതുപ്പറമ്പ്**
**ലാലിച്ചൻ മുക്കാടൻ**
**ബിനോ പാറക്കടവിൽ**

*കമ്മറ്റിയംഗങ്ങൾ:*
**വിന്നി ജോർജ്ജ് കല്ലൂക്കളം** (കൺവീനർ)
**സൈബി അക്കര**
**സി. മരിയ** SABS
**ജോമി കാവാലംപുതുപ്പറമ്പിൽ**
**ജിജി മുളയ്ക്കൽ**
**നവീൻ വെട്ടുവഴി**
**എബിൻ ആറുപറയിൽ**
**മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ**
**സജി ഇളംകുളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**സോണി കരിമറ്റം**



Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



മുഖമൊഴി 05



06 വികാരിയച്ചന്റെ സന്ദേശം



ദനഹാ തിരുനാൾ 08



10 യാത്രാമൊഴികൾ...



വി. സെബസ്ത്യാനോസിന്റെ മകരം തിരുന്നാൾ 14



28 ഇടവക വാർത്തകൾ



അത്യുന്നത കർദിനാൾ
മാർ ജോർജ് ജേക്കബ് കൂവക്കാട് പിതാവിന്
മെത്രാപ്പോലീത്തൻ ഇടവകയുടെ
പ്രാർഥനാശംസകൾ

# മുഖമൊഴി



ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പുത്തൻ പ്രതീക്ഷകളും പുതിയ തീരുമാനങ്ങളുമായി പുതുവർഷത്തിൽ പദമൂന്നുന്ന നമുക്കിത് തിരുനാളുകളുടെ കാലമാണ്. മിശിഹായ്ക്ക് ഒപ്പംനിന്ന് ധീരരക്തസാക്ഷികളായി ഉറപ്പുള്ള അടിത്തറമേൽ തിരുസഭാസമൂഹത്തിന്റെ ഭാവി സുരക്ഷിതമാക്കിയ ശ്ലീഹന്മാരെയും വിശുദ്ധരെയും അനുസ്മരിക്കുന്ന ദിനങ്ങൾ. നമ്മുടെ ഇടവക സമൂഹവും പ്രാർഥനയുടെയും കൂട്ടായ്മയുടെയും ചൈതന്യത്തിൽ ഇടവക തിരുനാൾ - മകരം തിരുനാൾ ആഘോഷിക്കുകയാണ്. ആത്മീയമായും ഭൗതികമായും വളരെ തയ്യാറെടുപ്പുകളോടെ നാം ആഘോഷിക്കുന്ന നമ്മുടെ തിരുനാൾ അദ്ധ്യാത്മിക നവീകരണത്തിനും വിശുദ്ധിയിലുള്ള വളർച്ചയ്ക്കും ഉപകരിക്കുന്നതാകട്ടെ എന്ന് അതിയായി ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. സഭാസമൂഹം എന്നും കെട്ടുറപ്പും ദൃഢതയുമുള്ള ഒരു സമൂഹമായി ജീവിക്കാൻ നമ്മുടെ സഹകരണവും പ്രവർത്തനങ്ങളും തിരുസഭയുടെ ഹൃദയത്തോടു ചേർത്തുവച്ച് നമുക്കു ജീവിക്കാം. അനുഗൃഹീതമായ തിരുനാൾ ദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്...

നിങ്ങളുടെ സ്വന്തം,

**ജെറിനച്ചൻ**
ചീഫ് എഡിറ്റർ



## വികാരിയച്ചന്റെ സന്ദേശം

# ജൂബിലി ചൈതന്യത്തിൽ ജീവിക്കുക

ഈശോയിൽ ഏറ്റവും പ്രിയമുള്ളവരേ,

2025 നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷമായി ആഘോഷിക്കുകയാണല്ലോ. Pilgrims of hope - പ്രത്യാശയുടെ തീർത്ഥാടകർ - എന്നതാണല്ലോ ജൂബിലിവർഷത്തിന്റെ ആപ്തവാക്യമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമുക്കു നൽകിയിരിക്കുന്നത്. എങ്ങും അശാന്തിയും അക്രമവും അസ്വസ്ഥതയും പെരുകിവരുന്ന ലോകത്തിൽ പ്രത്യാശ കൈവെടിയാതെ നമ്മുടെ ജീവിതതീർത്ഥാടനം നിർവഹിക്കാനാണ് പരിശുദ്ധ പിതാവ് നമ്മെ ആഹ്വാനം ചെയ്യുന്നത്. ഈശോ ലോകത്തിലേക്കു വന്നത് - ഒരു ജൂബിലിവർഷം - കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാനായിരുന്നല്ലോ. ലൂക്കാ 4:18-19 നാം ഇങ്ങനെ വായിക്കുന്നു: ''കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവൻ എന്നെ അഭിഷേകം ചെയ്തു. ഹൃദയം തകർന്നവർക്ക് സമാശ്വാസവും ബന്ധിതർക്കു മോചനവും

അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.'' പഴയനിയമത്തിൽ 50-ാം വർഷം അനുരഞ്ജനത്തിന്റെയും കടം ഇളച്ചു നൽകുന്നതിന്റെയും അടിമകൾക്ക് സ്വാതന്ത്ര്യം നൽകുന്നതിന്റെയും ജൂബിലിവർഷമായിരുന്നു (ലേവ്യർ 25). ഈ അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും നിത്യജൂബിലി വത്സരമാണ് ഈശോ പ്രഖ്യാപിച്ചത്. അതുകൊണ്ട് ജൂബിലിവർഷം നമ്മുടെ വ്യക്തിജീവിതങ്ങൾ; കുടുംബജീവിതത്തിലും ഇടവകസമൂഹമെന്ന നിലയിലുള്ള ഒരു നവീകരണത്തിന്റെ വർഷമായിരിക്കാൻ, കൃപയുടെ കാലഘട്ടമായിക്കുവാൻ നമുക്ക് പരിശ്രമിക്കാം. പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും സഹകരിച്ചും തിന്മകളുടെ ബന്ധങ്ങളിൽനിന്നു മോചിതരായി വ്യാപരിക്കാം.

ജൂബിലിവർഷത്തെ മകരം തിരുനാൾ നമ്മുടെ ഇടവകയുടെ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും വിശ്വാസസാക്ഷ്യത്തിന്റെയും പ്രഘോഷണത്തിനുള്ള ഒരു നല്ല അവസരമായിരുന്നു. ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും സാഘോഷമായ പ്രദക്ഷിണങ്ങളും അനുഗ്രഹദായകമായിരുന്നു. ജൂബിലി മകരം തിരുനാളിൽ നാം പുതുതായി ആവിഷ്കരിച്ച കർമ്മപരിപാടികളെല്ലാം വൻവിജയമാക്കിത്തീർക്കാൻ യത്നിച്ച ഓരോരുത്തരെയും ബഹു. കൊച്ചച്ചന്മാർ, ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, തിരുനാൾ കൺവീനർ ജോബി തൂമ്പുങ്കൽ, ഷിബിൻ കറുകയിൽ എന്നിവരുടെ നേതൃത്വത്തിൽ ത്യാഗപൂർവ്വം അത്യദ്ധ്വാനം ചെയ്ത യുവസുഹൃത്തുക്കൾ ഏവരേയും നന്ദിയോടെ ഓർക്കുകയാണ്. നസ്രാണി ഘോഷയാത്രയും മകരം ഫെസ്റ്റും 5000-ഓളം പേർ പങ്കുചേർന്ന ഇടവകദിനവും ഓരോ ദിവസത്തെയും കലാപരിപാടികളും പകൽപ്പെരുന്നാളുമെല്ലാം നമ്മുടെ ജൂബിലിത്തിരുനാൾ അവിസ്മരണീയമാക്കി. വാർഡുകളിലെ കൺവെൻഷൻ ഇടവകാംഗങ്ങൾക്ക് പുത്തൻ ഉണർവേകി.

നല്ലിടയനായ ഈശോയുടെ ഇടയദൗത്യത്തിന്റെ ശുശ്രൂഷകരായ വൈദികരോട് നിങ്ങൾ കാണിക്കുന്ന സഹകരണത്തിനും സ്നേഹത്തിനും ഈയവസരത്തിൽ ഞാൻ വ്യക്തിപരമായി ഹൃദ്യമായ നന്ദി പറയുന്നു. ഈശോ പകർന്നു നല്കുന്ന ജൂബിലി ചൈതന്യത്തിൽ നമുക്ക് ജീവിക്കാം. ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**



# ദനഹാ തിരുനാൾ



**ഫാ. ആന്റണി അറയ്ക്കത്തറ**

ഈശോയുടെ മാമ്മോദീസാ അനുസ്മരിക്കുന്ന ദനഹാത്തിരുനാളിനെ കേന്ദ്രീകരിച്ചുള്ള ആരാധനാവത്സരകാലമാണ് ദനഹാക്കാലം. ജനുവരി 6-ാം തിയതി ആഘോഷിക്കുന്ന ദനഹാത്തിരുനാളോടുകൂടി ഈ കാലം ആരംഭിക്കുന്നു. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ ദനഹാത്തിരുന്നാളിൽ, മിശിഹാ തന്റെ പരസ്യ ജീവിതത്തിന് ആരംഭംകുറിച്ചുകൊണ്ട് സ്നാപകനിൽ നിന്നും സ്നാനം സ്വീകരിച്ചതിന്റെ അനുസ്മരണമാണ്. ദനഹാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം ഉദയം, പ്രത്യക്ഷവത്കരണം, വെളിപാട് എന്നെല്ലാമാണ്. ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് ദനഹാക്കാലത്ത് സഭ അനുസ്മരിക്കുന്നത്.

ജനുവരി ആറാം തീയതി ആഘോഷിക്കുന്ന കർത്താവിന്റെ ദനഹാത്തിരുനാളിനെ കേരളത്തിന്റെ വടക്കൻഭാഗങ്ങളിൽ പിണ്ടികുത്തി പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ രാക്കുളി പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും പിണ്ടിയിൽ ദീപം കൊളുത്തി അതിനുചുറ്റം പ്രദക്ഷിണംവച്ചുകൊണ്ട് ദൈവം പ്രകാശമാകുന്നു (ഏൽ പയ്യ) എന്ന് ആർത്തുവിളിച്ചിരുന്ന പതിവിൽനിന്നാണ് പിണ്ടികുത്തിപെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ച് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി നമ്മുടെ പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു ഇത്.

ദനഹാക്കാലത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഈശോയ്ക്കു സാക്ഷ്യം നല്കിയ വിശുദ്ധാത്മാക്കളെ സഭ നമ്മുടെ വണക്കത്തിനായി അവതരിപ്പിക്കുന്നു. മിശിഹായെ ലോകത്തിനു പരിചയപ്പെടുത്തിയ സ്നാപകയോഹന്നാൻ, മിശിഹായുടെ സുവിശേഷത്തിനു സാക്ഷികളും സഭയുടെ നെടുംതൂണുകളുമായ പത്രോസ്-പൗലോസ് ശ്ലീഹന്മാർ, വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങൾ രേഖപ്പെടുത്തിയ സുവിശേഷകന്മാർ, ഈശോയുടെ പ്രഥമരക്തസാക്ഷിയായ എസ്തപ്പാനോസ്, ഗ്രീക്കുപിതാക്കന്മാർ, സുറിയാനി പിതാക്കന്മാർ, ഇടവകമദ്ധ്യസ്ഥൻ,സകല മരിച്ചവർ എന്നിവരെ യഥാക്രമം ഓരോ വെള്ളിയാഴ്ചകളിലുമായി ഈ കാലഘട്ടത്തിൽ സഭ അനുസ്മരിക്കുന്നു.

> ❝ ഈശോയുടെ മാമ്മോദീസ, പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ, അവിടുത്തെ പരസ്യജീവിതം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വിശുദ്ധ ഗ്രന്ഥഭാഗങ്ങളാണ് ഈ കാലയളവിൽ പ്രധാനമായും ഉപയോഗിക്കുന്നത്. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെ തന്നെ മാമ്മോദീസാസ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈശോയുടെ മാമ്മോദീസ, പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ, അവിടുത്തെ പരസ്യജീവിതം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വിശുദ്ധ ഗ്രന്ഥഭാഗങ്ങളാണ് ഈ കാലയളവിൽ പ്രധാനമായും ഉപയോഗിക്കുന്നത്. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെ തന്നെ മാമ്മോദീസാസ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

# യാത്രാ മൊഴികൾ...



സി. അനറ്റ് ചാലങ്ങാടി SABS

'വിദഗ്ധമായി ചേർത്തൊരുക്കിയ സുഗന്ധക്കൂട്ടുപോലെ പരിമളപൂരിതമാണ് ജോസിയായുടെ സ്മരണ' (പ്രഭാഷകൻ 49:1). ഈ തിരുവചനം തന്റെ പേരുകൊണ്ടും കർമ്മം കൊണ്ടും നമ്മുടെ ചങ്ങനാശ്ശേരി കത്തിഡ്രൽ പള്ളിയിലെ വികാരി പെരിയ ബഹുമാനപ്പെട്ട ജോസ് കൊച്ചുപറമ്പിൽ അച്ചനിൽ അന്വർത്ഥമാണ്. 'കത്തുന്ന തീ നാളത്തോടുകൂടിയ ഒരു വിളക്കിനെ മറ്റൊരു വിളക്ക് തെളിക്കാൻ കഴിയൂ' എന്ന മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ ഓർമ്മപ്പെടുത്തുന്ന ജീവിതം! പ്രാർത്ഥന, പ്രബോധനം, പ്രവർത്തി എല്ലാം ഒത്തുചേർന്ന നല്ല ഇടയന്റെ വ്യക്തിത്വം! സാന്നിധ്യം കൊണ്ടും കർമ്മം കൊണ്ടും ഈ ഇടവക സമൂഹത്തെയും ഈ നാടിനെയും സർവ്വോപരി സീറോമലബാർ സഭയെയും ധന്യമാക്കിയ അജപാലകൻ.

ചില തീ നാളങ്ങൾ പന്തങ്ങളാകാൻ ഭാഗ്യം ചെയ്തവരാണ്. ചില ചില്ലകൾ മഹാവൃക്ഷങ്ങളാകുവാനും! 2020 ജൂണിൽ കോവിഡ് മഹാമാരിയുടെ കാലത്ത് സഭാത്മക ജീവിതം മുരടിച്ചുപോയ നാളുകളിൽ ജീവിതദുരിതങ്ങളുടെ ഇരുട്ടിലാണ്ടുപോയ ജനത്തിന്റെ അടുത്തേക്ക് ദൈവം അയച്ച ഒരു മാലാഖയാണ് ബഹുമാനപ്പെട്ട ജോസ് കൊച്ചുപറമ്പിലച്ചൻ. ഈ അഞ്ചുവിളക്കിന്റെ നാട്ടിൽ നാലരവർഷങ്ങൾ അജപാലനശുശ്രൂഷക്ക് അവസരം ലഭിച്ചെങ്കിലും രണ്ടര വർഷമേ അച്ചന് എന്തെങ്കിലും പ്രവർത്തിക്കാൻ സാധിച്ചുള്ളൂ എന്ന് വളരെ ഖേദത്തോടെ അച്ചൻ ഓർമ്മിക്കുന്നു. എന്നാൽ കോവിഡിന്റെ രണ്ടു വർഷങ്ങൾ അച്ചൻ കാര്യമായി ഒന്നും പ്രവർത്തിച്ചില്ലെങ്കിലും പ്രാർത്ഥനയും, പ്രബോധനവുംവഴി അനേകർ വിശ്വാസത്തിന്റെ വെളിച്ചത്തേക്കും ആത്മീയതയുടെ ആഴങ്ങളിലേക്കും കൂട്ടായ്മയുടെ സൗഹൃദത്തിലേക്കും വന്നത് നമുക്കറിയാം. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കഴിയാതെ ഉഴലുന്ന സഹോദരങ്ങളെ ചേർത്തു പിടിക്കാനും സാധിക്കുന്നവിധം എല്ലാവരെയും സഹായിക്കാനും അച്ചൻ തയ്യാറായിരുന്നു. പാവപ്പെട്ടവർ വരുമ്പോൾ അവർക്ക് എന്താണ് ആവശ്യം എന്നുചോദിച്ച് അത് അവർക്ക് ലഭ്യമാക്കുവാൻ അച്ചൻ കാണിച്ച ഔദാര്യം മറ്റു പലരെയും അസ്വസ്ഥരാക്കിയിട്ടുണ്ട് എന്നതും വാസ്തവം തന്നെ.

ആത്മീയതയുടെയും ആർദ്രതയുടെയും ശാന്തതയുടെയും ആൾരൂപമായിരുന്നു പെരിയ ബഹുമാനപ്പെട്ട ജോസച്ചൻ. നാലര വർഷത്തെ ശുശ്രൂഷയിൽ ഒരിക്കൽപോലും ആരോടും പിണങ്ങിയതായും കോപിക്കുന്നതായും ആർക്കും അനുഭവപ്പെട്ടിട്ടില്ല, പറഞ്ഞു കേട്ടിട്ടുമില്ല. പൗരസ്ത്യപാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും പ്രൗഢിയിൽ ഉയർന്നു നിൽക്കുന്ന ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ അച്ചന്റെ സാന്നിധ്യവും പ്രഭാഷണങ്ങളും പ്രാർത്ഥനയും അജഗണത്തെ ശരിയായ കത്തോലിക്കാ വിശ്വാസത്തിലും ആത്മീയതയിലും കൂടുതൽ ആഴപ്പെടുത്തിയെന്ന് നിസംശയം പറയാം. പൗരസ്ത്യ ആധ്യാത്മികതയിലും ആരാധനക്രമ പാരമ്പര്യത്തിലും നിന്ന് അണുവിട വ്യതിചലിക്കാതെ അത് ജീവിച്ചും പഠിപ്പിച്ചും പങ്കുവച്ചും അച്ചൻ ഇടവകജനത്തെ പ്രബുദ്ധരാക്കി. ഈ ഇടവകയിൽ നിന്ന് മറ്റ് ഇടവകകളിൽ പോയി താമസിച്ചു ജോലിചെയ്യുന്ന പലരും ഞായറാഴ്ചകളിൽ നമ്മുടെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിനും മക്കളുടെ മതബോധനത്തിനുമായി ഇവിടെയെത്തുന്നത് കാണാൻ കഴിഞ്ഞിട്ടുണ്ട്. തങ്ങളുടെ തനിമയെക്കുറിച്ചുള്ള അവബോധം ഇവിടുത്തെ അജഗണത്തിനു പകരുവാൻ അച്ചന് സാധിച്ചു എന്നതിന്റെ ഒരു തെളിവാണത്. സീറോമലബാർ സഭയുടെ പൈതൃകവും തനിമയും

കാത്തുസൂക്ഷിക്കുവാൻ തന്റെ ആത്മീയമക്കളെ അച്ചൻ പ്രോത്സാഹിപ്പിച്ചു. ഞായറാഴ്ചകളിലെ 'തിരുവചന ഭാഗങ്ങൾ എല്ലാം യോജിപ്പിച്ചുകൊണ്ട് അച്ചൻ നടത്തുന്ന പ്രബോധനം അടുത്ത തലമുറയ്ക്ക് സഭാത്മകജീവിതത്തിനുള്ള അടിത്തറ പാകലാണ്. 2 തിമോ. 4:3–ൽ പറയുന്ന പ്രകാരം ശരിയായ പ്രബോധനങ്ങളിൽ താത്പര്യം കാണിക്കാതെ കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുന്ന ചിലർ അതിൽ താല്പര്യം കാണിക്കുന്നില്ല എന്നും കാണാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അടുത്ത തലമുറയുടെ വിശ്വാസജീവിതത്തിന് പ്രബോധനപരമായ അച്ചന്റെ വചനവ്യാഖ്യാനം ഒരു മുതൽകൂട്ടാണ് എന്നതിൽ സംശയമില്ല.

തിരുനാളുകളും ആഘോഷങ്ങളും പിതാക്കന്മാരുടെ ഓർമ്മദിനങ്ങളും കൺവെൻഷനുകളും എല്ലാം വളരെ മനോഹരമായി അണിയിച്ചൊരുക്കുവാൻ അച്ചൻ നൽകിയ നേതൃത്വം മാതൃകാപരമാണ്. മുതിർന്നവർക്കും യുവാക്കൾക്കും കുട്ടികൾക്കും ഒരുപോലെ മാതൃകയായ ബഹു.ജോസച്ചൻ ഈ ഇടവകയിലെ 22 സന്യസ്തഭവനങ്ങളെയും ഒരുപോലെ കരുതുകയും സ്നേഹിക്കുകയും സഹകരിപ്പിക്കുകയും ചെയ്യുന്ന ആത്മാർത്ഥത ശ്രദ്ധേയമാണ്. ഞങ്ങളോടു കാണിക്കുന്ന സ്നേഹവും കരുതലും നന്ദിയോടെ അനുസ്മരിക്കുന്നു.

ഒരു ഞെട്ടിലെ മനോഹരമായ നാല് പുഷ്പങ്ങൾ പോലെയാണ് നമ്മുടെ കത്തീഡൽപള്ളിയിലെ ബഹു വികാരിയച്ചനും കൊച്ചച്ചന്മാരും. ദൈവജനത്തിന്റെ ആവശ്യമനുസരിച്ചും വികാരിയച്ചന്റെ ആഗ്രഹമറിഞ്ഞും എല്ലാം ചെയ്യാൻ മൂന്ന് കൊച്ചച്ചന്മാരും എപ്പോഴും സന്നദ്ധരായിരുന്നു. പ്രത്യേകിച്ച് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഒരു പൂമ്പാറ്റ പോലെ ഇവിടെ പറന്നുനടന്ന് എല്ലാ കാര്യങ്ങളും നോക്കി കാണാനും എത്ര കഷ്ടപ്പെട്ടും വേണ്ടതു ചെയ്യാനും സന്മനസ്സും ഔദാര്യവുമുള്ള ബഹുമാനപ്പെട്ട ലിപിൻ തുണ്ടുകുളം അച്ചന്റെ ഓർമ്മ ശിമയോനെപ്പോലെ ഏവർക്കും കുളിർമയേകുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്റെ വലംകൈയും കൊച്ചുകുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ എല്ലാവർക്കും സംലഭ്യനുമായിരുന്നു ബഹുമാനപ്പെട്ട ലിബിനച്ചൻ. സെന്റ് മേരീസ് സൺഡേ സ്കൂളിന്റെയും സെന്റ് മേരീസ് എൽ.പി സ്കൂളിന്റെയും ഉത്തരവാദിത്വം ഏറ്റവും ഭംഗിയായി നിർവഹിക്കുവാൻ പരിശ്രമിച്ചു എന്ന് എല്ലാവരും സമ്മതിക്കുന്നു.

പൗരോഹിത്യം സ്വീകരിച്ചിട്ടു ഒരു വർഷമേ ആയിട്ടുള്ളൂവെങ്കിലും ബഹുമാനപ്പെട്ട ജെറിൻ കാവനാട്ടച്ചൻ തീഷ്ണതയുള്ള ഒരു കൊച്ചച്ചനായി ചുരുങ്ങിയ കാലംകൊണ്ട് ഇവിടെ എല്ലാവരുടെയും മനസ്സിൽ ഇടംപിടിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട വികാരിയച്ചനോടും



> ഒരു ഞെട്ടിലെ മനോഹരമായ നാല് പുഷ്പങ്ങൾ പോലെയാണ് നമ്മുടെ കത്തീഡ്രൽപള്ളിയിലെ ബഹു വികാരിയച്ചനും കൊച്ച ച്ചന്മാരും. ദൈവജനത്തിന്റെ ആവശ്യമനുസരിച്ചും വികാരിയച്ച ന്റെ ആഗ്രഹമറിഞ്ഞും എല്ലാം ചെയ്യാൻ മൂന്ന് കൊച്ചച്ചന്മാരും എപ്പോഴും സന്നദ്ധരായിരുന്നു.

ലിപിനച്ചനോടും നിഖിലച്ചനോടും ചേർന്ന് ഈ ഇടവകയുടെ പ്രവർ ത്തനങ്ങളിൽ ഇടപെടുന്നതിനൊപ്പം വാഴപ്പള്ളി സെന്റ് തെരേസാസ് സൺഡേ സ്കൂളിന്റെയും സെന്റ് ജെയിംസ് എൽ.പി. സ്കൂളിന്റെയും ഉത്തരവാദിത്വം ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ നിർവഹിക്കുവാൻ അച്ചന് സാധിച്ചു. ഹ്രസ്വവും ചിന്തോദ്ദീപകവുമാണ് അച്ചന്റെ വചന വ്യാഖ്യാനം. അതുപോലെ കുമ്പസാരക്കൂട്ടിൽ കരുണയുള്ള പിതാവ് മക്കളോടെന്നപോലെ ഇടപെടുന്ന ഒരു നല്ല ആത്മീയപിതാവാണ് ബഹു. ജെറിനച്ചൻ.

തങ്ങളെ ഏല്പിച്ചിരുന്ന കൂട്ടായ്മകളും സംഘടനകളും മറ്റു ഉത്ത രവാദിത്വങ്ങളും ഏറ്റം ഭംഗിയായി നിർവ്വഹിച്ച കൊച്ചച്ചന്മാർക്കും അതിന് പിന്നിൽ നിന്ന് സ്നേഹപൂർവ്വം പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്ത ബഹുമാനപ്പെട്ട വികാരിയച്ചനും എല്ലാ അഭിനന്ദനങ്ങളും. പുതിയ സ്ഥലത്ത് നല്ലൊരു കൂട്ടായ്മയിൽ ആനന്ദത്തോടെ പ്രത്യാശയുടെ തീർത്ഥാടകരാകുവാൻ കഴിയട്ടെ എന്നാശംസിക്കുന്നു. നിങ്ങൾ മൂവരുടെയും ശുശ്രൂഷകളെല്ലാം നന്ദി യോടെ അനുസ്മരിച്ച് എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനയും യാത്രാമംഗളങ്ങളും നന്മയും സ്നേഹപൂർവ്വം നേരുന്നു.



# വി. സെബസ്ത്യാനോസിന്റെ മകരം തിരുന്നാൾ

## തിരുപ്പിറവിയുടെ ജൂബിലി (എഡി 2025) യുടെ പശ്ചാത്തലത്തിൽ

**ജോമ കാട്ടടി**



ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഇടവകക്കാർക്ക് വി. സെബസ്ത്യാനോസിന്റെ മകരം തിരുന്നാൾ ഒരു വികാരമാണ്. തങ്ങളുടെ ഹൃദയത്തിൽ ആലേഖനം ചെയ്തിരിക്കുന്ന വിശുദ്ധനോടുള്ള ആദരവും ഭക്തിയും സ്നേഹവും പ്രകടമാക്കുന്ന വികാരം. ഈ ഇടവകയുമായി ബന്ധമുള്ള എല്ലാവരും ഇവിടെ ആയിരിക്കുവാൻ ഏറ്റവും ആഗ്രഹിക്കുന്ന ദിവസങ്ങളാണ് മകരം പത്തും പതിനൊന്നും. ഇടവകയിൽ നിന്നും ജോലിക്കും മറ്റുമായി പോയിരിക്കുന്നവരും ഇവിടെ നിന്നും വിവാഹിതരായി പോയിട്ടുള്ളവരും മാറിതാമസിക്കുന്നവരുമായ എല്ലാവരും ഈ ദിവസങ്ങളിൽ ഇവിടെ ആയിരിക്കുവാനും വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം തേടുവാനും പ്രത്യേകം താൽപര്യം കാണിച്ചുവരുന്നു.

## വിശുദ്ധ വി. സെബസ്ത്യാനോസ്

എ.ഡി. 288-ൽ റോമൻ ചക്രവർത്തിയായിരുന്ന ഡയോക്ലീഷ്യന്റെ കിരാതമായ മതമർദ്ദനകാലത്ത്, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വംവരിച്ച ധീരപടയാളിയായിരുന്നു വിശുദ്ധ സെബസ്ത്യാനോസ്. ഫ്രാൻസിലെ നർബോനയിൽ ജനിച്ച സെബാസ്റ്റ്യൻ, മിശിഹായെ തന്റെ രക്ഷകനും നാഥനുമായി സ്വീകരിച്ച് ചെറുപ്പത്തിൽതന്നെ സൈന്യസേവനത്തിൽ ഏർപ്പെട്ടു. റോമൻ ദേവന്മാരെയും രാജാക്കന്മാരെയും ആരാധിക്കുവാൻ വിമുഖത കാട്ടിയ ആദിമക്രിസ്ത്യാനികളെ 'ദൈവ വിശ്വാസമില്ലാത്തവർ എന്നു മുദ്രകുത്തി പീഢിപ്പിച്ചപ്പോഴും ഒന്നിനെയും ഭയപ്പെടാതെ എനിക്കു സാക്ഷ്യം വഹിക്കുക; ശരീരത്തെ കൊന്നാലും ആത്മാവിനെ കൊല്ലാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട എന്ന ഈശോയുടെ വാക്കിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് രക്തസാക്ഷിത്വം വരിച്ച വിശുദ്ധാത്മാക്കളുടെ ചുടുനിണമാണ് സഭയുടെ വളർച്ചയുടെ കാതൽ.

ക്രിസ്തീയ വിശ്വാസം ഉറക്കെ പ്രഘോഷിച്ച സെബസ്ത്യാനോസിനെ അമ്പെയ്തു കൊല്ലാനാണ് ആദ്യം ശ്രമിച്ചത്. മരത്തിൽ ബന്ധിക്കപ്പെട്ട് അമ്പുകളേറ്റ് രക്തം വാർന്ന് അവശനായിക്കഴിഞ്ഞിരുന്ന സെബസ്ത്യാനോസ് മരിച്ചില്ല. ഐറിൻ എന്ന ഒരു വനിതയുടെ ശുശ്രൂഷകളാൽ ജീവിതത്തിലേക്കു തിരിച്ചുവരികയും നിർഭയം ഈശോയ്ക്കു സാക്ഷ്യംവഹിക്കുകയും സത്യവിശ്വാസം ഉറക്കെ പ്രഘോഷിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തെ ഗദകൊണ്ട് മർദിച്ചു കൊലപ്പെടുത്തുകയാണുണ്ടായത്. ദേഹമാസകലം മുറിവേറ്റെങ്കിലും സൗഖ്യമാർന്ന് തിരിച്ചുവന്ന സംഭവത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധ സെബസ്ത്യാനോസിനെ വസൂരിയുടെയും

> ചെറിയപള്ളി വിശുദ്ധ സെബസ്ത്യാനോസ് പുണ്യവാന്റെ നാമത്തിലാണല്ലോ പണിതിരിക്കുന്നത്. പള്ളിയുടെ അൾത്താരയുടെ പ്രധാന സ്ഥാനത്ത് വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. പള്ളിയുടെ മുൻഭാഗത്ത് സഹദായുടെ രക്തസാക്ഷിതത്തിന്റെ അടയാളമായ അമ്പും വില്ലും മുടിയും കുമ്മായക്കൂട്ടുകൊണ്ട് നിർമ്മിച്ചിട്ടുണ്ട്.



പ്ലേഗിന്റെയും മറ്റു പകർച്ചവ്യാധികളുടെയും മധ്യത്തിൽ ദൈവസന്നിധിയിലുള്ള മദ്ധ്യസ്ഥനായി തിരുസഭ ആദരിച്ചുപോന്നു.

പരിശുദ്ധ അമ്മയുടെ പേരിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഇടവകയിൽ വിശുദ്ധ സെബസ്ത്യാനോസിനോടുള്ള ഭക്തിയും ആദരവും ഇത്ര പ്രകടമാകാനുള്ള കാരണത്തിന് അല്പം ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കാം. തിരുപ്പിറവിയുടെ ഈ ജൂബിലി (എ.ഡി. 2025) വത്സരത്തിൽ ചരിത്രത്തിലേക്കുള്ള തിരിഞ്ഞുനോട്ടത്തിന് ഏറെ പ്രസക്തിയുണ്ട്.

## ചങ്ങനാശ്ശേരിയിലെ ആദ്യത്തെ പള്ളി

ചങ്ങനാശ്ശേരി പള്ളിയുടെ സ്ഥാപനം സംബന്ധിച്ച് പരമ്പരാഗതമായി കൈമാറി വന്നിട്ടുള്ള പ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ട്: തെക്കുംകൂർ രാജാവിന്റെ മന്ത്രിമാരിൽ പ്രധാനിയായിരുന്ന കല്ലറയ്ക്കൽ മാത്തുതരകനോടു ബന്ധപ്പെട്ടതാണ് ഐതിഹ്യം. ചങ്ങനാശ്ശേരിയിലെയും പരിസരപ്രദേശങ്ങളിലെയും ക്രിസ്ത്യാനികൾ ഏറെ നൂറ്റാണ്ടു കാലം ദൈവാലയ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നത് നിരണം പള്ളിയിലായിരുന്നു. അക്കാലത്ത്, മാത്തു തരകനും ചങ്ങനാശ്ശേരിക്കാരും ചെന്നുചേർന്നതിനുശേഷമേ നിരണം പള്ളിയിൽ കുർബ്ബാന ആരംഭിക്കുമായിരുന്നുള്ളു. ഒരു ഓശാനഞായറാഴ്ച ഏതോ കാരണവശാൽ തരകനും മറ്റും നിരണത്ത് എത്തുവാൻ വൈകിപ്പോയി. അവർ അവിടെ എത്തിയപ്പോഴേയ്ക്കും കുർബ്ബാന സമാപിക്കാറായിരുന്നു. ഈ അനുഭവം തരകനു വളരെ അപമാനകരമായിതോന്നി. അദ്ദേഹം ഏറെ ദുഃഖിതനുമായി. മന്ത്രിയുടെ സങ്കടം മനസ്സിലാക്കിയ രാജാവ്,



*ശേഷം പേജ് 25*

# നവവൈദികർക്ക്
# കത്തീഡ്രൽ ഇടവക കുടുംബത്തിന്റെ
# പ്രാർത്ഥനാശംസകൾ...



റവ. ഫാ. റിൻസ് കടന്തോട് MCBS



റവ. ഫാ. ജിനോ വാഴപ്പനാടി MCBS



റവ. ഫാ. റ്റിനോ ചാമക്കാല OSH



റവ. ഫാ. ഐബിൻ
പെരുമ്പള്ളിയിൽ

# അനുഗൃഹീത നിമിഷങ്ങളിലൂടെ...





















# പിറവിത്തിരുനാൾ കർമങ്ങൾ










## സ്നേഹസ്മരണയ്ക്ക്





എം. വി. കുര്യാക്കോസ്
മരണം: 25.05.2018

മേരിക്കുട്ടി കുര്യാക്കോസ്
മരണം: 19.06.2023

മാളിയേക്കൻ (കാഞ്ഞിക്കൽ), വട്ടപ്പള്ളി, ചങ്ങനാശേരി

**JOSE ELECTRICALS & SANITARY** Near Telephone Exchange Changanacherry

# ദകാരം തിരുനാൾ


























NOKIA


















# ആദരാഞ്ജലികൾ



**റവ. സി. സൂസൻ റോസ് CMC**
കർമലീത്താ മഠം, ചങ്ങനാശേരി



**റവ. ഫാ. മാത്യു കോടക്കാനാൽ OFM Cap.**
അസ്സീസി ആശ്രമം, ഭരണങ്ങാനം

# കത്തീഡ്രൽ ഇടവകയുടെ ആശംസകൾ...

## Golden Jubilee of Religious Profession



Sr Anette Chalangady SABS    Sr Elizabeth Valiyaveettil AASC    Sr Tessy Vadakummury SABS

# കത്തീഡ്രൽ ഇടവകയുടെ അഭിനന്ദനങ്ങൾ...

കേരളാ കൊമേഴ്സ് ഫോറം നല്കുന്ന 2024-25 വർഷത്തെ Best Commerce Teacher Award ന് കോട്ടയം ജില്ലയിൽ നിന്നും അർഹനായ ചങ്ങനാശ്ശേരി SB H.S.S. പ്രിൻസിപ്പാൾ **ഡോ. ആന്റണി മാത്യു വട്ടക്കളം**





ചങ്ങനാശേരി അതിരൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ യുവദീപ്തി-SMYM പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട **അരുൺ ടോം തോപ്പിൽ**

All India Institute of Medical Science (AIIMS) ൽ നിന്നും MBBS ന് 3rd Rank കരസ്ഥമാക്കിയ **ഡോ. മരിയ ഫ്രാൻസിസ് പത്തിൽ**





എം.ജി. യൂണിവേഴ്സിറ്റി യിൽ നിന്നും B.Com CA 6th Rank കരസ്ഥമാക്കിയ **വർഗീസ് ഫ്രാൻസിസ് പത്തിൽ**

പേജ് 16 തുടർച്ച...

ചങ്ങനാശ്ശേരിയിൽ ക്രിസ്ത്യാനികൾക്കു ഒരു പള്ളി പണിയാൻ തീരുമാനിച്ചു. ഏ.ഡി. 1117-ലാണ് ചങ്ങനാശ്ശേരിയിലെ ആദ്യ ദൈവാലയം പണികഴിക്കപ്പെട്ടത്. തെക്കോട്ടു ദർശനമായിട്ടായിരുന്നു ആദ്യത്തെ പള്ളി പണിതിരുന്നത് (ആ പള്ളിയുടെ മുൻഭാഗത്താണ്, ഇപ്പോൾ മെത്രാപ്പോലീത്തൻ പള്ളിയുടെ തെക്കുവശത്തുള്ള കുരിശ്ശടി നിൽക്കുന്നത്).

## രണ്ടാമത്തെ പള്ളി: ചരിത്രസംഭവങ്ങൾക്കു സാക്ഷി (ഇപ്പോഴത്തെ ചെറിയപള്ളി)

ജനസംഖ്യ വർധിച്ചതോടുകൂടി വിശ്വാസികൾക്ക് ഒന്നിച്ചുകൂട്ടുന്നതിനും പ്രാർത്ഥിക്കുന്നതിനും ആദ്യത്തെ പള്ളി മതിയാകാതെ വന്നു. അതിനാൽ, പതിമൂന്നാം നൂറ്റാണ്ടോടുകൂടി പ്രസ്തുത പള്ളി പൊളിച്ചു കളഞ്ഞു. പള്ളിക്കു സ്വന്തമായുണ്ടായിരുന്ന സ്ഥലത്തോടുചേർന്ന് കുറച്ചുസ്ഥലം കൂടി വാങ്ങി, അവിടെ വി. സെബസ്ത്യാനോസ് സഹദായുടെ നാമത്തിലുള്ള പള്ളി (ഇന്നത്തെ ചെറിയപള്ളി) പണിതു. വ്യാകുല മാതാവിന്റെ പള്ളി എന്നും ഈ പള്ളി അറിയപ്പെട്ടു.

ചങ്ങനാശ്ശേരിയിലെ ആദ്യത്തെ പള്ളി പതിമൂന്നാം നൂറ്റാണ്ടിലാണ് പൊളിച്ചുമാറ്റിയത്. രണ്ടാമത്തെ പള്ളി (ഇന്നത്തെ ചെറിയപള്ളി) പതിനെട്ടാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതായി ചരിത്രസംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽ, രണ്ടാമത്തെ പള്ളി പതിമൂന്നാം നൂറ്റാണ്ടിനും പതിനെട്ടാം നൂറ്റാണ്ടിനും ഇടയ്ക്കായിരിക്കും പണിതതെന്ന് അനുമാനിക്കപ്പെടുന്നു.

ഈ ചെറിയപള്ളി വിശുദ്ധ സെബസ്ത്യാനോസ് പുണ്യവാന്റെ നാമത്തിലാണല്ലോ പണിതിരിക്കുന്നത്. പള്ളിയുടെ അൾത്താരയുടെ പ്രധാന സ്ഥാനത്ത് വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. പള്ളിയുടെ മുൻഭാഗത്ത് സഹദായുടെ രക്തസാക്ഷിതത്തിന്റെ അടയാളമായ അമ്പും വില്ലും മുടിയും കുമ്മായ കൂട്ടുകൊണ്ട് നിർമ്മിച്ചിട്ടുണ്ട്. ചില കൂട്ടിച്ചേർക്കലുകൾ ഒഴിവാക്കിയാൽ പ്രസ്തുത പള്ളി ഇന്നും പൂർവ്വസ്ഥിതിയിൽ തന്നെ സംരക്ഷിച്ചിരിക്കുന്നു.

## മൂന്നാമത്തെ പള്ളി വി. അന്തോനീസ് പുണ്യവാന്റെ പേരിൽ

ഇന്നു നിലവിലുള്ള ചെറിയ പള്ളി കാലക്രമത്തിൽ മതിയാകാതെ വന്നപ്പോൾ, പള്ളിക്കു കേടൊന്നും വരുത്താതെ നിലനിർത്തിക്കൊണ്ട് മൂന്നാമത് മറ്റൊരുപള്ളി ഇപ്പോഴത്തെ മെത്രാപ്പോലീത്തൻ പള്ളിയുടെ സ്ഥാനത്ത് പണിതു. മൂന്നാമത്തെ പള്ളി വിശുദ്ധ അന്തോനീസ് പുണ്യവാന്റെ നാമധേയത്തിൽ ഉള്ളതായിരുന്നുവെന്ന് ചരിത്രഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

കൊടുങ്ങല്ലൂർ മെത്രാനായിരുന്ന പൗലോസ് മാർ അകwീനാസ് ഇവിടെ വന്നുതാമസിക്കുകയും ചങ്ങനാശ്ശേരിയിലെ വിശ്വാസ സമൂഹത്തിന് വേണ്ടതായ നേതൃത്വം നല്ലുകയും ചെയ്തിരുന്നു. അദ്ദേഹം ചങ്ങനാശ്ശേരിയെ ഏറെ സ്നേഹിച്ചിരുന്നതിന്റെ ദൃഷ്ടാന്തമാണ് ഇവിടെ പണി കഴിപ്പിച്ചിട്ടുള്ള പഴയ പള്ളിമേട. രണ്ടു നിലകളിലായി പണിതീർത്ത ആ കെട്ടിടം ആദ്യകാല സെമിനാരിയായിരുന്നു. 1823 ഡിസംബർ 22-ാം തീയതി കൊല്ലത്ത് ഓലിക്കര എന്ന സ്ഥലത്തുവച്ച് നിര്യാതനായ പൗലോസ് മാർ അകwീനാസ് മെത്രാപ്പോലീത്തയുടെ ഭൗതികദേഹം ചങ്ങനാശേരിക്കാർ ഇവിടെയുണ്ടായിരുന്ന സെന്റ് ആന്റണീസ് ദൈവാലയത്തിൽ കൊണ്ടുവന്ന് സംസ്കരിച്ചുവെന്നതാണ് ചരിത്രം.

## നാലാമത്തെപള്ളി : സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി

ഇടവക ജനങ്ങൾ കൂടിയപ്പോൾ നിലവിലുണ്ടായിരുന്ന പള്ളിയും പോരാതെ വന്നതിനെത്തുടർന്ന് വിശുദ്ധ അന്തോനീസിന്റെ പേരിലുണ്ടായിരുന്ന പള്ളി (മൂന്നാമത്തെ പള്ളി പൊളിച്ചുമാറ്റി, തൽസ്ഥാനത്ത് മനോഹരമായ വലിയപള്ളി പണിതീർത്തു. വി. അന്തോനീസിന്റെ നാമധേയത്തിനു പകരമായി സെന്റ് മേരീസ് എന്ന പേരു സ്വീകരിച്ച് പരിശുദ്ധ അമ്മയ്ക്കു സമർപ്പിക്കപ്പെട്ട ദൈവാലയം 1887 മകരം 16-ാം തീയതിയാണ് കൂദാശ ചെയ്യപ്പെട്ടത്. പള്ളിപണിപൂർത്തിയാക്കാൻ പത്തുവർഷം വേണ്ടിവന്നുവെന്നാണ് പറയപ്പെടുന്നത്. വലിയ പള്ളിയുടെ കൂദാശകർമ്മത്തിൽ മൂന്നു മെത്രാന്മാർ സന്നിഹിതരായിരുന്നു. വരാപ്പുഴ ലെയനാർദ് മെത്രാപ്പോലീത്തയായിരുന്നു മുഖ്യകാർമ്മികൻ. മർസലീനോസ് മെത്രാനച്ചനും കൊല്ലം മെത്രാൻ ഡോ. ഫെർഡിനാന്റും സഹകാർമ്മികരായിരുന്നു. മൂന്നു മിഷനറി മൂപ്പന്മാരും അറുപതു പട്ടക്കാരും ഇരുപത് ശെമ്മാശന്മാരും നാലായിരത്തോളം ഭക്തജനങ്ങളും വിശുദ്ധ കർമ്മത്തിൽ സബന്ധിച്ചിരുന്നുവെന്ന് പാലാക്കുന്നേൽ മത്തായി മറിയം എന്ന വല്യച്ചന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചങ്ങനാശേരിയിൽ സ്ഥാപിച്ചിരുന്ന പള്ളികളെ സംബന്ധിച്ചുള്ള ചരിത്രം ഇങ്ങനെയായിരിക്കെ, വി. സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള അതിപുരാതന ദൈവാലായം - കൊച്ചുപള്ളി നമ്മുടെ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും നേർസാക്ഷ്യമാണ്. ചങ്ങനാശ്ശേരിക്കാർ ഹൃദയത്തിലേറ്റിയ നാമമാണ് ദേവസ്യാനോസ് പുണ്യവാന്റേത്. 'ദേവസ്യാനോസ് പുണ്യവാൻ' എന്ന വിശുദ്ധ സെബസ്ത്യാനോസിനോടുള്ള ആദരവും ഭക്തിയും ഹൃദയത്തിലേറ്റുന്നതിന് ഒരു കാരണം, 1878-മകരമാസത്തിൽ നാടൊ

ട്ടുക്ക് ഭീതിദമായ ഒരു പകർച്ചവ്യാധി-വസൂരി ബാധയാണ്. നാട്ടിൽ ക്രിസ്ത്യാനികളായ ആയിരത്തിലധികംപേർ മരണപ്പെട്ടുവെന്ന് പാലാക്കുന്നേൽ വല്യച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയധികം ആളുകൾ കൊല്ലപ്പെട്ട മഹാവ്യാധിയെത്തുടർന്ന് ചങ്ങനാശേരി നിവാസികൾ പള്ളിയിൽ കൂടുകയും വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥത്തിൽ തമ്പുരാനോടു പ്രാർത്ഥിക്കുകയും ചെയ്തുവെന്നും വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് പ്രദക്ഷിണം നടത്തിയെന്നും പഴമക്കാരിൽനിന്നും കേട്ടറിവുണ്ട്. വസൂരിവന്നു മരണപ്പെട്ടവരെ വെള്ളത്തുണിയിലും തഴപ്പായയിലും പൊതിഞ്ഞ് പള്ളി സെമിത്തേരിയുടെ പുറകുവശത്ത് ക്രമീകരിച്ചിരുന്ന കവാടത്തിലൂടെ രാത്രികാലങ്ങളിൽ കൊണ്ടുവന്ന് സെമിത്തേരിപള്ളിക്കു പിന്നിലുള്ള സ്ഥലത്ത് അടക്കം ചെയ്തിരുന്നത്രേ. കാലാന്തരത്തിൽ സെമിത്തേരി പള്ളിക്കു പിന്നിലുണ്ടായിരുന്ന കവാടം കെട്ടിയടച്ച് മതിലിന്നോട് ചേർത്തിരിക്കുന്നത് ഇന്നും അവിടെ കാണാവുന്നതാണ്.

1892-ൽ മാർ ചാൾസ് ലെവീഞ്ഞ് മെത്രാൻ ഫ്രാൻസിൽ നിന്നും വരുത്തി, ചങ്ങനാശേരി പള്ളിയുടെ മണിമാളികയിൽ സ്ഥാപിച്ചിരിക്കുന്ന നാല് പള്ളിമണികളിൽ നിന്നുള്ള നാദമാണ് വിശ്വാസികളെ പള്ളിയിൽ ഒന്നിച്ചുകൂട്ടുന്നത്. നാലാമത്തെ വലിയ മണിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: നഗരത്തിന്റെ കാവൽക്കാരനായ വിശുദ്ധ സെബസ്ത്യാനോസ് ഈ വിശുദ്ധന്റെ കാവലിൽ എല്ലാവരും സുരക്ഷിതരാണെന്ന് ഓരോ മണിനാദവും നമ്മെ ഓർമ്മപ്പെടുത്തുന്നു. രോഗങ്ങളും പകർച്ചവ്യാധികളും അലട്ടുന്ന സാഹചര്യങ്ങളിൽ ചങ്ങനാശേരിക്കാരുടെ മനസ്സുകളിൽ നിന്നും അധരങ്ങളിൽനിന്നും പ്രതിധ്വനിക്കുന്നു: ''വിശുദ്ധ സെബസ്ത്യാനോസേ, ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണമേ.''

" നഗരത്തിന്റെ കാവൽക്കാരനായ വിശുദ്ധ സെബസ്ത്യാനോസ് ഈ വിശുദ്ധന്റെ കാവലിൽ എല്ലാവരും സുരക്ഷിതരാണെന്ന് ഓരോ മണിനാദവും നമ്മെ ഓർമ്മപ്പെടുത്തുന്നു.





# ഇടവകവാർത്തകൾ

## 2025-ാം ജൂബിലി വർഷം

മിശിഹായുടെ ജനനത്തിന്റെ 2025-ാം ജൂബിലി വർഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ആലപ്പുഴ മാർ സ്ലീവാ പള്ളിയിൽനിന്നും ജൂബിലി സ്ലീവാ പ്രയാണം ആരംഭിക്കുകയും വൈകുന്നേരത്തോടെ കത്തീഡ്രൽ പള്ളിയിൽ എത്തിച്ചേരുകയും ചെയ്തു. ജൂബിലി ഫ്ളാഗ് കൈക്കാരനും ജൂബിലി തിരി കുടുംബകൂട്ടായ്മ ഫൊറോനാ ജനറൽ കൺവീനർ ജോബി തൂമ്പുങ്കലിനും അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ആന്റണി ഏത്തക്കാട്ട് കൈമാറി. തുടർന്ന് കത്തീഡ്രൽ പള്ളിയിൽ പ്രതിഷ്ഠിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. വർഗ്ഗീസ് താനുമാവുങ്കൽ, വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, അതിരൂപതാ കുടുംബകൂട്ടായ്മ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് മാന്തുരുത്തിയിൽ എന്നിവർ പ്രസംഗിച്ചു.

## ജൂബിലിവർഷ മകരം തിരുനാൾ

വി. സെബസ്ത്യാനോസ് സഹദായുടെ മകരം തിരുനാളിന് ജനുവരി 14 (മകരം 1-8) കൊടിയേറി. റംശായെ തുടർന്ന് 75 കുടുംബകൂട്ടായ്മ ലീഡേഴ്സിനും സെക്രട്ടറിമാർക്കും വിവിധ സന്യാസിനി ഭവനങ്ങൾക്കും ജൂബിലി ലോഗോ പതിച്ച കൊടിയും ജൂബിലിതിരിയും പള്ളിയിൽവെച്ച് നൽകി. തുടർന്ന് നടന്ന തിരുനാൾ കൊടിയേറ്റ് സമയത്ത് കൊടിയും തിരിയുമായി കൂട്ടായ്മാ ലീഡേഴ്സും കൊടിയേറ്റാനുള്ള കുരുശുപള്ളിയിലെ കൊടിയുമായി തിരുക്കുടുംബ ദേവാലയം, ഫിഷ് മാർക്കറ്റ് കുരിശടി, പണ്ടകശാലക്കടവ് കുരിശടി, വെജിറ്റബിൾ മാർക്കറ്റ് കുരിശടി, അങ്ങാടി കുരിശടി എന്നീ പ്രദേശത്തെ ദൈവജനവും ഭക്ത്യാദരപൂർവ്വം

പങ്കുകൊണ്ടു. അതിനുശേഷം വിശുദ്ധന്റെ തിരുസ്വരൂപം കൊച്ചുപള്ളിയിൽ പ്രതിഷ്ഠിച്ചു. വി. കുർബാനയെ തുടർന്ന് സിമിത്തേരിയിലേക്ക് പ്രദക്ഷിണമായി സിമിത്തേരി സന്ദർശനം. ശേഷം കുരിശടികൾ കൊടിയേറ്റ് നടന്നു.

## നസ്രാണി സാംസ്കാരിക ഘോഷയാത്ര

ചങ്ങനാശേരിയുടെ തിലകക്കുറിയായി ശോഭിക്കുന്ന അതിരൂപതയുടെ ആസ്ഥാനദൈവാലയമായ നമ്മുടെ ഇടവകയിലെ നസ്രാണി മക്കൾ അണിചേർന്നുകൊണ്ട് മഴവില്ലഴകുമായി നടത്തിയ നസ്രാണി സാംസ്കാരിക ഘോഷയാത്ര ചരിത്ര താളുകളിലേക്ക്. ആഘോഷങ്ങളുടെയും ആരവങ്ങളുടെയും ആവേശത്തിൽ മുങ്ങിക്കുളിച്ച്, സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ വി. സെബസ്ത്യാനോസ് സഹദായുടെ ജൂബിലി വർഷ മകരം തിരുനാളിനോടനുബന്ധിച്ച് നടത്തിയ നസ്രാണി സാംസ്കാരിക ഘോഷയാത്ര നഗരത്തിൽ കാഴ്ചകളുടെ മഴവില്ലഴക് തീർത്തു. പരമ്പരാഗത വേഷങ്ങളണിഞ്ഞ് ആയിരക്കണക്കിനു വിശ്വാസികൾ മെത്രാപ്പോലീത്തൻ പള്ളിയുടേയും ബൈബിൾ കഥകളുടെയും ഫ്ളോട്ടുകൾ, കാർട്ടൂൺ കഥാപാത്രങ്ങൾ, ഡമ്മി ആന, പുലി, കടുവ, തെയ്യം, കഥകളി, പൂക്കാവടി, പുലികളി, കളരിപ്പയറ്റ്, മാർഗ്ഗംകളി, അപ്പൂപ്പൻ, അമ്മൂമ്മ, ശിങ്കാരിമേളം, ബാന്റുമേളം, റോളർ സ്കേറ്റിംഗ് എന്നിവയുമായി നടത്തിയ ഘോഷയാത്ര നഗരത്തെ ഇളക്കിമറിച്ചു. വിവിധ വാർഡുകളുടെ അടിസ്ഥാനത്തിലാണ് ഘോഷയാത്രയിൽ വിശ്വാസികളും കലാരൂപങ്ങളും അണിനിരന്നത്. പെരുന്ന ജംഗ്ഷനിൽ നിന്നുമാരംഭിച്ച ഘോഷയാത്ര കണ്ണിനും കാതിനും കുളിർമ്മ പകർന്ന് നഗരത്തിന് വേറിട്ട കാഴ്ചയായി. കെഎസ്ആർടിസി ബസ് സർവ്വീസുകൾ ഏർപ്പെടുത്തിയത് ഇടവകസമൂഹത്തിന് ഘോഷയാത്രയുടെ സ്റ്റാർട്ടിംഗ് പോയിന്റിൽ എത്തുവാൻ ഏറെ സഹായകമായി. സമൂഹത്തിനും ഇടവകയ്ക്കും ആത്മീയചൈതന്യം പകർന്നുകൊണ്ട് ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും പ്രദക്ഷിണങ്ങളും വിവിധ കലാപരിപാടികളും കോർത്തിണക്കി ജൂബിലി വർഷ മകരം തിരുനാൾ സമാപിച്ചു.

## ഇടവകദിനം, നസ്രാണിസംഗമം

ജനുവരി 19ന് പ്രത്യേകം ക്രമീകരിച്ച പന്തലിൽ ഇടവകദിനവും, നസ്രാണിസംഗമവും നടന്നു. ബഹു. വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടത്തുകൈക്കാരൻ ശ്രീ. ബിനോ പാറക്കടവിൽ, സഹകൈക്കാരന്മാർ, റവ. ഫാ. ലിപിൻ തുണ്ടുകളം, റവ. ഫാ, ജെറിൻ കാവനാട്ട്, റവ. ഫാ. നിഖിൽ അറയ്ക്കത്തറ, മകരം തിരുനാൾ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ, മുൻ നഗരസഭാദ്ധ്യക്ഷയും മുനിസിപ്പൽ കൗൺസിലറും പാസ്റ്ററൽ കൗൺസിൽ അംഗവുമായ ശ്രീമതി ബീന ജോബി എന്നിവരുടെയും മഹനീയ സാന്നിദ്ധ്യത്തിൽ സിനിമാ ഡയറക്ടറും

നടനുമായ ശ്രീ. ജോണി ആന്റണി ഔപചാരികമായി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ജൂബിലേറിയന്മാരെ ആദരിച്ചു. തുടർന്ന് വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കലാപരിപാടികൾക്കുശേഷം സ്നേഹവിരുന്ന് നടന്നു. ജനുവരി 20, 21, 22 തീയതികളിൽ നടന്ന കലാപരിപാടികൾ മികച്ച നിലവാരം പുലർത്തി എന്നതിലുപരി നല്ല ജനപങ്കാളിത്തവും ഉണ്ടായിരുന്നു.

## മാനവമൈത്രി സംഗമം

മകരം തിരുനാളിനോടനുബന്ധിച്ച് എല്ലാ വർഷവും നടന്നുവരുന്ന മാനവമൈത്രി സംഗമം കത്തീഡ്രൽ പാരീഷ് ഹാളിൽ നടന്നു. കത്തീഡ്രൽ വികാരി പെരിയ ബഹു. ഫാ. ജോസ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി കൃഷ്ണകുമാരി രാജശേഖരൻ, വൈസ് ചെയർമാൻ ശ്രീ. മാത്യൂസ് ജോർജ്ജ്, മുൻ നഗരസഭാ അദ്ധ്യക്ഷയും വാർഡ് കൗൺസിലറുമായ ശ്രീമതി ബീന ജോബി, മുൻ എഡിഎം ശ്രീമതി ജിനു പുന്നൂസ്, ഡെപ്യൂട്ടി കളക്ടർമാരായ ശ്രീ. ജിയോ ടി. മനോജ്, ശ്രീമതി സോളി ആന്റണി, തഹസിൽദാർ സുരേഷ്കുമാർ, ചങ്ങനാശേരി ജൂഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ശ്രീമതി ഷെർമിൻ എസ്.എസ്., മുനിസിഫ് ശ്രീമതി സരിഗ, എസ്എൻഡിപി ചങ്ങനാശേരി താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഗിരീഷ് കോനാട്ട്, കാവിൽ ഭഗവതി ക്ഷേത്രസമിതി പ്രസിഡന്റ് അഡ്വ. അനിൽ, പഴയപള്ളി മുസ്ലീം ജമാത്ത് പ്രസിഡന്റ് മുഹമ്മദ് ഫുവാദ്, പുതൂർപള്ളി മുസ്ലീം ജമാഅത്ത് സെക്രട്ടറി ശ്രീ. എം.എച്ച്. ഹനീഫ, മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി ശ്രീ. സണ്ണി നെടിയകാലാപറമ്പിൽ, കെഎസ്ഇബി അസി. എഞ്ചിനീയർ ശ്രീ. മനോജ്, ചങ്ങനാശേരി താലൂക്ക് ഗവൺമെന്റ് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. പ്രീത, ആർ.എം.ഒ ഡോ. അശ്വതി, റവ. ഫാ. മാത്യു മുളങ്ങാശേരി, റവ. ഫാ. രാജു കോയിപ്പള്ളി, റവ. സി. സോഫി റോസ് സിഎംസി, ഫാ. ലിപിൻ തുണ്ടുകളം നടത്തുകൈക്കാരൻ ശ്രീ. ബിനോ പാറക്കടവിൽ, മകരം തിരുനാൾ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ, മീഡിയ & പബ്ലിസിറ്റി കൺവീനർ ശ്രീ. സൈബി അക്കര എന്നിവർ പ്രസംഗിച്ചു. സ്നേഹവിരുന്നോടുകൂടി മാനവമൈത്രി സംഗമം സമാപിച്ചു.

## മകരം തിരുനാൾ

പ്രധാന തിരുനാൾ ദിനങ്ങളായ ജനുവരി 23, 24 തീയതികളിൽ ഭക്തിനിർഭരമായ പ്രദക്ഷിണങ്ങൾ നടന്നു. ജനുവരി 23 ന് കവലയിലേക്കുള്ള പ്രദക്ഷിണത്തിൽ വിവിധ ദൈവാലയങ്ങളിൽ നിന്നുള്ള 25 പൊൻകുരിശുകൾ എടുക്കുകയുണ്ടായി. പ്രദക്ഷിണത്തെ തുടർന്ന് വിവിധ വാദ്യമേളങ്ങളും ഫ്യൂഷൻ ഡിസ്പ്ലേയും. ജനുവരി 24 ന് 4.30 മണിക്ക്

കൊച്ചുപള്ളിയിൽ നിന്നുമാരംഭിച്ച വിശുദ്ധന്റെ തിരുസ്വരൂപം കാവിൽ ഭഗവതി ക്ഷേത്ര ഉപദേശകസമിതി അംഗങ്ങൾ തോളിലേറ്റി കാവിൽ ഭഗവതി ക്ഷേത്രാങ്കണത്തിലേക്ക്. അവിടുത്തെ സ്വീകരണത്തിനുശേഷം പ്രദക്ഷിണം നഗരംചുറ്റി പള്ളിയിലെത്തിച്ചേർന്നു. അതിനുശേഷം നടന്ന ലൈറ്റ്സ് & സൗണ്ട് ഫയർ ഷോ വ്യത്യസ്തത നിറഞ്ഞതായിരുന്നു.

കൊടിയിറക്ക് ദിനത്തിൽ 6.45 ന്റെ പരിശുദ്ധ കുർബാനയ്ക്കുശേഷം എല്ലാ കൂട്ടായ്മാംഗങ്ങളും പള്ളിയിലെത്തി കഴുന്ന് സ്വീകരിച്ച് കഴുന്ന് എഴുന്നള്ളിപ്പ് കൂട്ടായ്മകളിലേക്ക്. ഭവനങ്ങളിലെ എഴുന്നള്ളിപ്പിനുശേഷം ചെണ്ടമേളങ്ങളുടെ അകമ്പടിയോടെ കൂട്ടായ്മാംഗങ്ങൾ വാർഡുതലത്തിൽ പ്രദക്ഷിണമായി പള്ളിയിലെത്തി. തുടർന്ന് 40–ൽ പരം കലാകാരന്മാർ അണിനിരന്ന ചെണ്ടയിൽ മാസ്മരികത തീർത്ത പഞ്ചാരിമേളം, പകൽ പെരുന്നാൾ പള്ളി അങ്കണത്തിൽ നടന്നു. വി. കുർബാനയെത്തുടർന്ന് പള്ളി ചുറ്റിയുള്ള പ്രദക്ഷിണത്തോടെ കൊടിയിറക്കി. ഈ വർഷത്തെ മകരം തിരുനാളിന് പരിസമാപ്തിയായി.

ജൂബിലി വർഷ മകരം തിരുനാൾ ഇത്രയധികം അടുക്കും ചിട്ടയോടും കൂടി ഭംഗിയായി ഭക്ത്യാദരപൂർവ്വം നടത്തുന്നതിന് വളരെ ആത്മാർത്ഥ തയോടെ വേണ്ട നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകിയ വികാരി പെരിയ ബഹുമാനപ്പെട്ട കൊച്ചുപറമ്പിൽ ജോസച്ചൻ, കൊച്ചച്ചന്മാർ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കുടുംബകൂട്ടായ്മ ലീഡേഴ്സ്, വിവിധ സംഘടനാ അംഗങ്ങൾ, കൈ മെയ്യ് മറന്ന് പ്രവർ ത്തിച്ച തിരുനാൾ കമ്മിറ്റി കൺവീനേഴ്സ്, കമ്മിറ്റി അംഗങ്ങൾ, സ്പോൺ സേഴ്സ്, ഇടവകാംഗങ്ങൾ, വിശുദ്ധന്റെ തിരുസ്വരൂപത്തിന് സ്വീകരണം നൽകുന്ന കാവിൽ ഭഗവതി ക്ഷേത്ര ഉപദേശകസമിതി, മറ്റ് സാമുദായിക സ്ഥാപനങ്ങൾ, സംഘടനകൾ, ഗവൺമെന്റ്, ഡിപ്പാർട്ടുമെന്റുകൾ, മറ്റു അഭ്യുദയകാംക്ഷികൾ പ്രത്യേകിച്ച് പ്രോഗ്രാം കമ്മിറ്റി, പള്ളിയുടെ ഏതു കാര്യത്തിനും ഓടിയെത്തുന്ന നമ്മുടെ അഭിമാനമായ, ചുറുചുറുക്കുള്ള യൂത്ത് ടീം തുടങ്ങി എല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ.

വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ ജൂബിലി വർഷ മകരം തിരുനാളിനോടനുബന്ധിച്ച് തിരുനാൾ പ്രോഗ്രാം കമ്മിറ്റി സംഘടിപ്പിച്ച മെഗാ ബംബർ നറുക്കെടുപ്പിൽ വാഴപ്പള്ളി വാർഡ് സെന്റ് ജോർജ്ജ് കൂട്ടായ്മ ലീഡർ ശ്രീ. കുഞ്ഞുമോൻ തോമസ് ഞാലിയിൽ (കൂപ്പൺ നമ്പർ 103) ഇലക്ട്രിക് സ്കൂട്ടർ ന് അർഹനായി. കൊടിയിറക്കിനുശേഷം കൊച്ചുപള്ളിയുടെ മുൻവശത്ത് നടന്ന വാശിയേറിയ നറുക്കെടുപ്പിലൂടെ വിജയിയായ വ്യക്തിയെ വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ പ്രഖ്യാപിച്ചു.

മകരം തിരുനാളിന് മുന്നൊരുക്കമായി ഇടവകയിലെ 10 കുടുംബകൂ

ട്ടായ്മ വാർഡുകളിൽ 10 ദിനങ്ങളിലായി കൺവെൻഷനുകൾ നടന്നു. ജപമാല, റംശാ, വചനസന്ദേശം, കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നീ ക്രമത്തിലായിരുന്നു എല്ലാ വാർഡുകളിലും കൺവെൻഷനുകൾ നടന്നത്. കൺവെൻഷനുകൾ 10 വാർഡുകളുകളിലും സജീവ പങ്കാളിത്തം ഉായിരുന്നു. അതിലുപരി ആവേശത്തോടെ, വളരെ താൽപര്യത്തോടെ ദൈവജനം പങ്കെടുത്തു.

ഒത്തിരി സ്നേഹത്തോടെ,

**ജോബി തൂമ്പുങ്കൽ,** ജനറൽ കൺവീനർ

## കത്തീഡ്രൽ മാതൃ-പിതൃവേദി

കത്തീഡ്രൽ ഇടവകകുടുംബത്തോടുചേർന്ന് 43 വർഷക്കാലമായി ഏറ്റവും ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കുന്ന സംഘടനയാണ് കത്തീഡ്രലിലെ അമ്മമാർ എന്ന പേരിൽ അറിയപ്പെടുന്നത്. ഈ സംഘ ടനാംഗങ്ങളുടെ കൂട്ടായ്മയുടെയും ഒത്തൊരുമയുടെയും ഭാഗമായി ഈ വർഷവും ഫൊറോനാ സമിതിയോടുകൂടി നമ്മുടെ യൂണിറ്റിൽ മാതൃവേ ദിയുടെ 43-ാം ജന്മദിനാഘോഷം നടത്തി. ഫൊറോന ഈ വർഷം ആ ഹ്വാനം ചെയ്തതനുസരിച്ച് 'അന്നം 2024' എന്ന കാരുണ്യപ്രവർത്തിയിൽ പങ്കുചേർന്ന് നാലുകോടി പുതുജീവൻ ട്രസ്റ്റിൽ ഉച്ചഭക്ഷണം തയ്യാറാക്കി നല്കി യൂണിറ്റ് അംഗങ്ങളുടെ സ്പോൺസർഷിപ്പിന്റെ ഭാഗമായി നെടും കുന്നം 'സഞ്ജീവനി' ആതുരാലയത്തിൽ ഒരു നേരത്തെ ഉച്ചഭക്ഷണം കൊടുക്കുകയും ഇരവുചിറ 'സ്നേഹാലയത്തിൽ' എല്ലാമാസത്തേയും ആദ്യതിങ്കളാഴ്ചകളിൽ ഇടവകയിലെ കുടുംബങ്ങളിൽ നിന്ന് ഭക്ഷണ പൊതികൾ ശേഖരിച്ചും ഭക്ഷണം അമ്മമാർ പാകപ്പെടുത്തിയും നല്കി വരുന്നു. ഒക്ടോബർ മാസത്തിൽ നടത്തിയ ഫൊറോനാ അതിരൂപതാ തലത്തിൽ നടത്തിയ കലോത്സവത്തിൽ മാതൃപിതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. മാ തൃവേദിയോടൊപ്പം തന്നെ കത്തീഡ്രൽ പിതൃവേദിയും ഇടവകയിലെ എല്ലാകാര്യങ്ങൾക്കും സജീവമായി പങ്കെടുക്കുന്നു. പിതൃവേദിയുടെ 41-ാം ജന്മദിനത്തിൽ ഫൊറോനാ സമിതിയും കത്തീഡ്രൽ യൂണിറ്റംഗ ങ്ങളുംകൂടി ചേർന്ന് പതാക ഉയർത്തുകയും മധുരം നല്കി ജന്മദിനം ആഘോഷമാക്കുകയും ചെയ്തു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെയും മാർ ജോർജ് കൂവക്കാട്ടു പിതാവിന്റെയും സ്ഥാനാരോ ഹണചടങ്ങുകൾക്ക് മാതൃപിതൃവേദി യൂണിറ്റ് അംഗങ്ങളുടെ നിറസാന്നി ദ്ധ്യം ഉണ്ടായിരുന്നു. സെന്റ് ജോസഫ് മഠത്തിലെ മദർ സൂസൻ റോസ് CMC യുടെ മൃതസംസ്കാരചടങ്ങുകൾക്ക് മുത്തുക്കുടകളേന്തി കത്തീ ഡ്രലിലെ അമ്മമാർ പങ്കുചേർന്നു. ക്രിസ്മസ്ദിനത്തിൽ ഇടവകയിൽ നടത്തിയ കരോൾ 'നൈറ്റ് 2024' എന്ന പ്രോഗ്രാമിൽ മാതൃപിതൃവേദി

അംഗങ്ങൾ മുൻനിരയിൽതന്നെ ഉണ്ടായിരുന്നു. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാളായ ഡിസംബർ 28 ന് 'പ്രൊലൈഫ്' കൂട്ടായ്മയോടുചേർന്ന് മാതൃ-പിതൃവേദി അംഗങ്ങൾ പരിശുദ്ധ കുർബാന അർപ്പണത്തിനും ജിയന്നാ പുണ്യവതിയുടെ ഇന്നസെന്റ് ഗ്രോട്ടോയിലേയ്ക്കുള്ള പ്രദക്ഷിണ ത്തിലും പങ്കുചേർന്നു. 2025 ജൂബിലിവർഷത്തിന്റെ ഉദ്ഘാടനചടങ്ങിനും അഭിവന്ദ്യ പിതാക്കന്മാരുടെ കാർമികത്വത്തിലുള്ള പരിശുദ്ധകുർബാനയി ലും യൂണിറ്റ് അംഗങ്ങൾ സജീവമായി പങ്കുചേർന്നു. ഓരോ വർഷവും അതിരൂപതയും ഫൊറോനയും ഇടവകയും നല്കുന്ന നിർദേശങ്ങൾക്ക നുസരിച്ച് ബഹുമാനപ്പെട്ട വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ അച്ചനോടും ആനിമേറ്റർ സിസ്റ്റർ ബ്ലസ്സി CMC യോടുംചേർന്ന് അവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഏറ്റവും ഭംഗിയോടും ചിട്ടയോടുംകൂടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മാതൃവേദിയുടെ നേതൃ ത്വത്തിൽ ഡിസംബർ 21-ാം തീയതി ഗോവയിലുള്ള സെന്റ് സേവ്യേഴ്സ് വിശുദ്ധന്റെ ഭൗതികശരീരം കാണുന്നതിനും പ്രാർത്ഥിക്കുന്നതിനുംവേണ്ടി തീർത്ഥാടനം നടത്തി. സംഘടനയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന എല്ലാവിധ സഹായസഹകരണങ്ങളും നല്കുന്ന ഞങ്ങളുടെ ഇടവക വികാരിയച്ചനോടും ഡയറക്ടർ അച്ചനോടും ആനിമേറ്റർ സിസ്റ്ററിനോടും ഞങ്ങളോടൊപ്പം എല്ലാത്തിനും സഹകരിക്കുന്ന ഇടവകജനത്തിനോടും സർവ്വോപരി സർവശക്തനായ ദൈവത്തിനും നന്ദി അറിയിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**കത്തീഡ്രൽ മാതൃപിതൃവേദി**
പ്രസിഡന്റുമാർ, സെക്രട്ടറിമാർ

## ഫ്രാൻസിസ്കൻ അല്മായ സഭ

(മൂന്നാംസഭ അഥവാ SFO)

'സമാധാനവും സൗഭാഗ്യവും'

ഈശോയിൽ പ്രിയരേ,

നമ്മുടെ ഇടവകയിൽ വർഷങ്ങൾക്കുമുമ്പ് പ്രവർത്തിച്ചിരുന്നതും എന്നാൽ പിന്നീട് വിസ്മൃതമാവുകയും ചെയ്ത ഫ്രാൻസിസ്കൻ മൂന്നാംസഭ (SFO) യുടെ പ്രവർത്തനം വീണ്ടും ആരംഭിച്ചിരിക്കുകയാണ്. 12/12/2024ൽ SFO ആദ്ധ്യാത്മിക സഹായിയായുള്ള റവ. ഫാ. തോമസുകുട്ടി വെട്ടി ക്കൽ OFM Cap. ന്റെ നേതൃത്വത്തിൽ നവാഗതരെ സ്വാഗതം ചെയ്തു.

റവ. സി. ജിയോ മരിയ എഫ്.സി.സി., ശ്രീ. അലക്സ് വി.സി. (SFO അതിരൂപതാ മിസിസ്റ്റർ), ശ്രീ. പ്രമോദ് പി. ജോസഫ് (SFO റീജണൽ പ്രസി ഡന്റ്) എന്നിവർ മൂന്നാംസഭയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. തദവസരത്തിൽ 20-തിലധികം അംഗങ്ങൾക്ക് SFO അംഗത്വസ്മരണിക വിതരണം ചെയ്തു. ഈ കൂട്ടായ്മയിൽ നിന്ന് ഇടവക പ്രസിഡന്റുമാ

രായി ശ്രീ. റ്റിനു ഫിലിപ്പ് പുത്തൻപുരയിൽ, ശ്രീമതി റോസമ്മ സെബാസ്റ്റ്യൻ ചിറയത്ത് എന്നിവരെയും സെക്രട്ടറിയായി ഡോ. റെജിമോൾ ജോസഫ് ആലഞ്ചേരി, ട്രഷററായി ശ്രീമതി കൊച്ചുറാണി പനച്ചിക്കൽ എന്നിവരെയും തെരഞ്ഞെടുത്തു. എല്ലാ മാസവും 3-ാം ചൊവ്വാഴ്ച രാവിലെ 11 മണിക്ക് യോഗം ചേരാൻ തീരുമാനിച്ചു.

SFO -യിൽ ചേർന്നു പ്രവർത്തിക്കാൻ താല്പര്യമുള്ളവർ അടുത്ത കൂട്ടായ്മയിൽ നേരിട്ട് പങ്കെടുക്കുകയോ ബഹു. നിഖിൽ അച്ചനെ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

**ഡോ. റെജിമോൾ ജോസഫ് ആലഞ്ചേരി**
സെക്രട്ടറി

## 2024 ജനുവരി മുതൽ 2024 ഡിസംബർ വരെ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ

| | |
|---|---|
| 1) വിദ്യാഭ്യാസ സഹായം | 35,000 |
| 2) ചികിത്സാ സഹായം | 3,41,609 |
| 3) വിവാഹ സഹായം | 1,00,000 |
| 4) ഭവനനിർമ്മാണ സഹായം | 3,85,883 |
| 5) മറ്റ് ജീവകാരുണ്യസഹായം | 22,750 |
| 6) വയനാട് ദുരിതാശ്വാസം | 1,58,000 |
| മാതൃവേദി | 80,000 |
| ഗത്സെമനി ആശ്രമം | 2,13,273 |
| വികാർ ചാരിറ്റി | 60,000 |
| **ആകെ** | **13,96,515** |

**2024 വർഷം നടന്ന മാമ്മോദീസാ, വിവാഹ, മരണ വിവരങ്ങൾ**

| | |
|---|---|
| മാമ്മോദീസാ നടന്നത് | - 91 (ഇടവകയിലേത് - 49) |
| അന്യ ഇടവകയിൽ നടന്നത് ചേർത്തത് | - 18 |
| ഇടവകയിൽ ആകെ | - 67 |
| വിവാഹം നടന്നത് | - 90 (ഇടവകയിലേത് - 38) |
| അന്യ ഇടവകയിൽ നടന്നത് ചേർത്തത് | - 11 |
| ഇടവകയിൽ ആകെ | - 49 |
| മരണം | -107 |
| ഈ ഇടവകയിൽനിന്നും അന്യ ഇടവകയിലേയ്ക്കു മാറിപോയവർ | - 24 |
| അന്യ ഇടവകയിൽനിന്നും ഈ ഇടവകയിലേയ്ക്കുചേർന്നവർ | - 13 |

# ജലത്താലും ആത്മാവിനാലും

1. പാലാത്ര ഡോണി - റ്റിസ മകൾ അന്ന 03.11.2024
2. കരിമറ്റം നിർമ്മൽ - നീനു മകൻ സ്കറിയ 05.11.2024
3. മാമൂട്ടിൽ മാത്യു - ചിഞ്ചു മകൻ സ്റ്റീഫൻ 26.12.2024
4. ഇളംതുരുത്തിൽ ഫ്രാൻസിസ് - ശ്വേത മകൾ മരിയ 27.12.2024
5. മണിമലപ്പറമ്പിൽ ലിജു - ലാഷാ മകൻ ജോസഫ് 28.12.2024
6. മാമൂട്ടിൽ കെവിൻ - ഹന്നാ മകൻ ഫ്രാൻസിസ് 29.12.2024
7. തൂമ്പുങ്കൽ റിനു - മെർളി മകൾ തെരേസ 30.12.2024

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പെരുമ്പായിൽ ജെയിംസ്-റോസമ്മ മകൻ വർഗീസും വയലാത്തൂർ ഇടവക വാഴപ്പിള്ളി ജോൺസൺ-ഷീജ മകൾ മേരിയും തമ്മിലുള്ള വിവാഹം - 17.10.2024
2. ഈ ഇടവക ചിറമുഖത്ത് സോജൻ-വത്സമ്മ മകൻ സ്റ്റീഫനും കിടങ്ങൂർ ഇടവക മാവേലി പൗലോസ്-മേരി മകൾ ഏലീശ്വായും തമ്മിലുള്ള വിവാഹം - 21.10.2024
3. ഈ ഇടവക ഏലംകുന്നം മാത്യു- ലാലിമ്മ മകൻ ജോസഫും കാഞ്ഞൂർ ഇടവക വെളുത്തേപ്പിള്ളി വിൽസൺ- ജെസി മകൾ അന്നയും തമ്മിലുള്ള വിവാഹം - 23.10.2024
4. ഈ ഇടവക കുളത്തുങ്കൽ റ്റോബി - സൂസി മകൻ ആന്റണിയും നെല്ലിമറ്റം ഇടവക പിട്ടാപിള്ളിൽ പയസ്- റോസമ്മ മകൾ റോസയും തമ്മിലുള്ള വിവാഹം - 28.10.2024
5. ഈ ഇടവക വട്ടക്കളം ഫ്രാൻസിസ്- മിനിമോൾ മകൻ മാത്യുവും ഈ ഇടവക തേവലക്കര സെബാസ്റ്റ്യൻ - ബിന്ദു മകൾ ത്രേസ്യായും തമ്മിലുള്ള വിവാഹം - 21.11.2024

6. ഈ ഇടവക പണിക്കശ്ശേരിൽ സുനിൽ -ബീന മകൻ ജോസഫും മല്ലപ്പള്ളി ഇടവക പാറേൽ വർഗീസ് - ആനി മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 28.12.2024
7. ഈ ഇടവക കിഴക്കേക്കുറ്റ് വർഗീസ് - എൽസ മകൻ ജോസഫും അമ്പലപ്പുറം ഇടവക കുന്നത്ത് സാജൻ - ഷേർളി മകൾ സ്റ്റെഫിയും തമ്മിലുള്ള വിവാഹം - 30.12.2024
8. ഈ ഇടവക താമല്ലൂർ ഔസേഫ് - ലാലി മകൻ ജോസഫും കൂട്ടമംഗലം ഇടവക കിഴക്കേകളത്തിൽ ആന്റണി - അന്നമ്മ മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 31.12.2024

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | കളത്തിൽ എബ്രഹാം സെബാസ്റ്റ്യൻ (85 വയസ്സ്) | 27.09.2024 |
| 2. | പീടിയേക്കൽ അന്നമ്മ ജോർജ് (96 വയസ്സ്) | 30.09.2024 |
| 3. | പുളിമൂട്ടിൽ റാണി ജോസഫ് (67 വയസ്) | 18.10.2024 |
| 4. | തയ്യിൽ സെലിൻ ആന്റണി (82 വയസ്) 12.10.2024 | |
| 5. | മുണ്ടയ്ക്കൽ എം.എ. മാനുവൽ (93 വയസ്) | 19.10.2024 |
| 6. | പുന്നയ്ക്കൽ ആന്റണി ജോസഫ് (67 വയസ്) | 26.10.2024 |
| 7. | കയ്യാലപ്പറമ്പിൽ സിബി ജോസഫ് (62 വയസ്) | 20.10.2024 |
| 8. | തൈക്കളം ഏലിക്കുട്ടി ജോസഫ് (94 വയസ്) | 01.11.2024 |
| 9. | വള്ളിക്കാട് ജോൺ കുരുവിള (93 വയസ്) | 02.11.2024 |
| 10. | തയ്യിൽ അന്നമ്മ ജോർജ് (83 വയസ്) | 03.11.2024 |
| 11. | വലിയവീട്ടിൽ വി.ഇ. ജോൺ (92 വയസ്) | 04.11.2024 |
| 12. | മണമേൽ ഏലിക്കുട്ടി എബ്രഹാം (101 വയസ്) | 07.11.2024 |
| 13. | പണിക്കശ്ശേരിൽ ലീലാമ്മ ജോസഫ് (81 വയസ്) | 14.11.2024 |
| 14. | മരത്തിനാൽ അന്നമ്മ കുരുവിള (92 വയസ്) | 17.11.2024 |
| 15. | പുതുപ്പറമ്പിൽ ചിന്നമ്മ ജോസഫ് (75 വയസ്) | 19.11.2024 |
| 16. | കളിയ്ക്കൽ കെ. ജെ. ജേക്കബ് (95 വയസ്) 15.11.2024 | |
| 17. | കളത്തിൽ മേരിക്കുട്ടി തോമസ് (81 വയസ്) | 03.12.2024 |
| 18. | കൂടത്തിങ്കൽ ബിജു സെബാസ്റ്റ്യൻ (53 വയസ്) | 05.12.2024 |
| 19. | സേവനോദ്യാനം സി. ആൻസി മാണി (70 വയസ്) | 12.12.2024 |
| 20. | മൗണ്ട് കാർമ്മൽ കോൺവന്റ് സി. സൂസൻ റോസ് (67 വയസ്) | 21.12.2024 |
| 21. | പതാലിൽ ഏലിക്കുട്ടി മാത്യു (92 വയസ്) | 24.12.2024 |
| 22. | മലയിൽ എം.എ. തോമസ് (92 വയസ്) | 25.12.2024 |
| 23. | മൈലന്തറ തോമസ് വി.ഒ (70 വയസ്) | 28.12.2024 |

# പാവനസ്മരണയ്ക്ക്

## വേർപാടിന്റെ
## 1-ാം വാർഷികം



## പ്രൊഫ. ത്രേസ്യാക്കുട്ടി ജയിംസ്
## മാതിരമ്പുഴ

ചങ്ങനാശേരി

ജനനം : 19. 01. 1958 മരണം : 31. 12. 2023

*സ്നേഹസ്മരണകളോടെ*
*പ്രിയപ്പെട്ട കുടുംബാംഗങ്ങൾ...*

# സ്നേഹസ്മരണയ്ക്ക്




കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി


THOMSONS®
MATTRESSES
ഉണരാം
ഊർജ്ജത്തോടെ
Durable
Anti Microbacterial
Hygienic
Medium Firm
+91 8089351893
+91 96337 51893
7/133 Ayyarukulangara Enterprises,
market road, Changanacherry-686101
INDUSTRY LEADING
5 YEAR WARRANTY


# സ്നേഹസ്മരണയ്ക്ക്



## ഫാ. സേവ്യർ കാർത്തികപ്പള്ളി

വെട്ടിത്തുരുത്ത്

ജനനം: 24.12.1908
പൗരോഹിത്യം : 21.12.1938
മരണം: 14.01.1992



## ജോസഫ് ആന്റണി

(ഔസേപ്പച്ചൻ)

കാർത്തികപ്പള്ളി

വെട്ടിത്തുരുത്ത്

മരണം: 04.12.2021